**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T1100.** **25.01.2018 ൽ മറുപടിയ്ക്ക്**

## ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹികവിപത്തും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപഭോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹികവിപത്തും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും ലക്ഷ്യമിട്ട് 06/10/2016 തീയതിയിലെ സ.ഉ.94/16/നി.വ. പ്രകാരം 'വിമുക്തി' മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) | ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ; | (ബി) | ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി ഇപ്പോൾ നിലവിലില്ല. |
| (സി) | ഈ പദ്ധതിക്കായി 2017-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ? | (സി) | 2017-18 സാമ്പത്തിക വർഷത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**